പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *579 28.07.2015-ലെ മറുപടിക്ക്

ഡയറി പ്ലാൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.കെ.എസ്.ശബരീനാഥൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.അൻവർ സാദത്ത് | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഡയറി പ്ലാൻ നടപ്പാക്കുന്നതിനുള്ള പദ്ധതിയ്ക്ക് രൂപം നല്കിയിട്ടുണ്ടോ ; | (എ) കേന്ദ്ര ഗവണ്മെന്റിന്റെ ധനസഹായത്തോടെ ഇന്ത്യയൊട്ടാകെ നടപ്പിലാക്കുന്ന നാഷണൽ ഡയറി പ്ലാനിൽ കേരളത്തെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൻ പ്രകാരം റേഷൻ ബാലൻസിംഗ് പ്രോഗ്രാം, വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്നിവ മിൽമ മേഖല യൂണിയനുകൾ വഴി നടപ്പിലാക്കി വരുന്നു. ഇത് കൂടാതെ സംസ്ഥാനത്തിനു വേണ്ടി ഡെയറി പ്ലാൻ, ക്ഷീരവികസന വകുപ്പും നടപ്പിലാക്കുന്നുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്? | (ബി) ഉപഭോക്താക്കളുടെ വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് കന്നുകാലികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, ഗ്രാമീണമേഖലയിലെ ക്ഷീരകർഷകരെ സംസ്ഥാനത്ത് നിലവിലുള്ള പാൽ സംസ്കരണ വിപണന കേന്ദ്രങ്ങളുമായി ബന്ധപ്പെടുത്തി കൂടുതൽ ക്ഷീരസംഭരണത്തിനായി സംഘങ്ങൾ ആരംഭിക്കുക, പാൽ ഗുണനിലവാരം വർദ്ധിപ്പിക്കുക, തീറ്റപ്പുൽ വികസന പദ്ധതികൾ നടപ്പിലാക്കുക, പാൽവില കൃത്യമായി ക്ഷീരകർഷകർക്ക് ലഭ്യമാക്കുക, എ.ഐ കേന്ദ്രങ്ങൾ/ ഗുണമേന്മയുള്ള ബീജോല്പാദന കേന്ദ്രങ്ങൾ കാര്യക്ഷമമാക്കുക, സമീകൃത കാലിത്തീറ്റ വിതരണം, കോൾഡ് ചെയിൻ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, പാലിന്റെ വിപണനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, പാലുല്പന്ന നിർമ്മാണ പരിശീലനം, പാലുല്പന്ന ഫാക്ടറി നിർമ്മിക്കൽ എന്നിവ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിലൂടെ ലക്ഷ്യമിടുന്നു.<br>മിൽമയുടെ 3 മേഖലാ യൂണിയനുകളും റേഷൻ ബാലൻസിംഗ് പ്രോഗ്രാം എന്ന |

പദ്ധതിയിൻ കീഴിൽ കറവമാട്ടുകൾക്ക് സന്തുലിത ആഹാരക്രമം നടപ്പിലാക്കുന്നു. ഓരോ മേഖലാ യൂണിയനും രണ്ട് വർഷം കൊണ്ട് 200 സൊസൈറ്റികളിലായി 16000 ത്തോളം പശുക്കളെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരിക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റം എന്ന പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളുടെ രൂപീകരണം, പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരുജ്ജീവനം, ആധുനികവൽക്കരണം, സംഘങ്ങളെ ശാക്തീകരിക്കുക, കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ഈ പദ്ധതിപ്രകാരം 2013-2014 വർഷത്തിൽ തുടങ്ങി രണ്ട് വർഷം കൊണ്ട് 196 ക്ഷീരസംഘങ്ങൾ രൂപീകരിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്?

(സി) മിൽമയുടെ മേഖലാ യൂണിയൻ തലത്തിൽ നാഷണൽ ഡയറി പ്ലാനിൽപ്പെട്ട പദ്ധതികളായ റേഷൻ ബാലൻസിംഗ് പ്രോഗ്രാമിലൂടെയും വില്ലേജ് ബേസ്ഡ് മിൽക്ക് പ്രൊക്യൂർമെന്റ് സിസ്റ്റത്തിന്റെയും നടത്തിപ്പിനായുള്ള നടപടികൾ 2013-2014 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി ലഭ്യമാക്കി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുമുണ്ട്.

സെക്ഷൻ ഓഫീസർ